(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത താപവൈദ്യുതി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനെപ്പറ്റി വൈദ്യുതി ബോർഡ് എന്തെങ്കിലും പ്രമേയം പാസാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ&ബി) എണ്ണൂർ താപവൈദ്യുതിനിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് പവർ ട്രേഡിംഗ് കോർപ്പറേഷനുമായി നിബന്ധനകൾക്കു വിധേയമായി ധാരണാപത്രം ഒപ്പുവെക്കാവുന്നതാണെന്ന് സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്രഗവൺമെന്റ് ഏജൻസിയായ പവർ ട്രേഡിംഗ് കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിനായി പ്രമേയം പാസാക്കിയിട്ടില്ല.

(ഡി) പ്രസക്തമല്ല.

കണ്ണൂർ താപവൈദ്യുത നിലയം

74(287) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ സ്ഥാപിക്കാൻ നിശ്ചയിച്ചിരുന്ന താപവൈദ്യുതനിലയം സ്ഥാപിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) കണ്ണൂരിൽ താപവൈദ്യുതനിലയം ആവശ്യമില്ലായെന്നും തമിഴ്നാട്ടിലെ എണ്ണൂരിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങിയാൽ മതിയെന്നുമുള്ള നിലപാട് സംസ്ഥാന സർക്കാരോ വൈദ്യുതി ബോർഡോ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ താപവൈദ്യുതനിലയം സംബന്ധിച്ച് കണ്ണൂർ പവർ പ്രോജക്ട് കമ്പനിയുമായി സംസ്ഥാന സർക്കാരോ വൈദ്യുതി ബോർഡോ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) കണ്ണൂർ താപവൈദ്യുത പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചത് എന്നാണ് ;

(ഇ) അനുമതി ലഭിച്ച ശേഷം ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ താല്പര്യമില്ലെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കണ്ണൂർ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാരണത്താലാണോ വൈദ്യുതിബോർഡ് ചെയർമാനെ നീക്കം ചെയ്തത് ;

(ജി) ഇത് സംബന്ധിച്ച് വൈദ്യുതിബോർഡ് ചെയർമാന് ഷോക്കോസ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഷോക്കോസ് നോട്ടീസിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂരിൽ ഒരു താപവൈദ്യുതനിലയം സ്ഥാപിക്കുന്നതു സംബന്ധിച്ച് കണ്ണൂർ പവർ പ്രോജക്ടുമായി ഒരു ഇൻഡിക്കേറ്റീവ് പി.പി.എ. ഒപ്പുവെച്ചിട്ടുണ്ട്. അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) ഇത്തരമൊരു നിലപാട് സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാന വൈദ്യുതിബോർഡ് കണ്ണൂർ പവർ പ്രോജക്ട്സ് ലിമിറ്റഡുമായി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് 9-2-1995-ലും ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റ് 14-3-1996-ലും ഒപ്പുവച്ചിട്ടുണ്ട്.

(ഡി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നിബന്ധനകൾക്ക് വിധേയമായ ടെക്നോ എക്കണോമിക് ക്ലിയറൻസ് 16-2-2000-ൽ ലഭിച്ചു.

(ഇ) ഇല്ല.

(എഫ്) അല്ല.

(ജി) ഷോക്കോസ് നോട്ടീസ് നൽകിയിട്ടില്ല. ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി കോൺടാക്ട് റൂൾ വിരുദ്ധമായി പത്രങ്ങൾക്ക് അഭിമുഖം നൽകിയതുമായി ബന്ധപ്പെട്ട് മന്ത്രിസഭാ തീരുമാനമനുസരിച്ച് വിശദീകരണം ചോദിച്ചിട്ടുണ്ട്.

കണ്ണൂർ വൈദ്യുതി നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം

75(288) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വൈദ്യുതി നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly